ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ടി സ്ഥലത്ത് ഒരു പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നത് സംബന്ധിച്ച് ആലപ്പുഴ ജില്ലാ പോലീസ് മേധാവിയുടെ നിർദ്ദേശം വകുപ്പുതലത്തിൽ പരിശോധിച്ചുവരുന്നു.

മാവോയിസ്റ്റ് സാന്നിദ്ധ്യം

241 (2114) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സംസ്ഥാനത്ത് മാവോയിസ്റ്റ് സാന്നിദ്ധ്യം കണ്ടെത്തിയിട്ടും ഇതുവരെ ഒരു മാവോയിസ്റ്റിനെ പോലും പിടികൂടാനാവാത്ത സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; വിശദീകരണം നൽകാമോ ?

ഉത്തരം

2013 ഫെബ്രുവരി മാസം മുതൽ സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ചില ജില്ലകളിൽ വനപ്രദേശങ്ങളിലും വനത്തിനോട് അടുത്ത പ്രദേശങ്ങളിലും മറ്റും സായുധ മാവോയിസ്റ്റ് സാന്നിദ്ധ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ അനവധി വർഷങ്ങളായി മാവോയിസ്റ്റ് പ്രവർത്തനമുണ്ട്. കേരളത്തിലെ വന പ്രദേശങ്ങളിൽ മുഖ്യമായും കേന്ദ്രീകരിക്കുന്ന ഇവരിൽ ബഹു ഭ്രൂരിപക്ഷവും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ളവരാണെന്ന് പോലീസ് തിരിച്ചറിഞ്ഞിട്ടുണ്ട്. താരതമ്യേന പുതിയതായി ഉയർന്നു വന്നിട്ടുള്ളതും പരമ്പരാഗതമായി കാര്യമായ പോലീസ് പ്രവർത്തനം നടക്കാത്തതുമായ വനാന്തരങ്ങളിൽ മുഖ്യമായും കേന്ദ്രീകരിച്ചിട്ടുള്ളതിനാലുമാണ് മാവോയിസ്റ്റുകളെ അറസ്റ്റ് ചെയ്യാൻ എളുപ്പത്തിൽ കഴിയാത്തത്. ഈ പ്രശ്നം കാര്യക്ഷമമായി നേരിടുന്നതിന് സംസ്ഥാന പോലീസിന്റെ വിവിധ ശാഖകളെ ശക്തിപ്പെടുത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly